## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2471** **14.06.2019-ൽ മറുപടിക്ക്**

## സഹകരണസംഘങ്ങളിലെ അഡ്മിനിസ്ട്രേറ്റർ ഭരണം

**ചോദ്യം**

**ശ്രീ.അനൂപ് ജേക്കബ്**

**മറുപടി**

**ശ്രീ.കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രാഥമിക സഹകരണസംഘങ്ങൾ ഉൾപ്പെടെ ആകെ എത്ര സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുവെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രാഥമിക സഹകരണ സംഘങ്ങൾ ഉൾപ്പടെ ആകെ 13725 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. |
| (ബി) | അവയിൽ എത്ര സംഘങ്ങളിലാണ് അഡ്മിനിസ്ട്രേറ്റർ ഭരണം നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) | അവയിൽ 1093 സഹകരണ സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റർ ഭരണമാണ് നിലവിലുള്ളത്. |
| (സി) | പിറവം മണ്ഡലത്തിൽ മണീട് സർവീസ് സഹകരണ സംഘത്തിൽ അഡ്മിനിസ്ട്രേറ്റർ ഭരണം നിലവിലുണ്ടോയെന്നും എങ്കിൽ അഡ്മിനിസ്ട്രേറ്റർ ഭരണം നിലവിൽ വരാനിടയായ സാഹചര്യമെന്താണെന്നും അവിടെ തെരഞ്ഞെടുപ്പ് നടത്താത്തതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കുമോ? | (സി) | മണീട് സർവ്വീസ് സഹകരണ ബാങ്കിൽ നിലവിൽ അഡ്മിനിസ്ട്രേറ്റർ ഭരണം നിലനിൽക്കുന്നു.<br><br>ടി ബാങ്കിലെ ഭരണസമിതിയിലേയ്ക്ക് ഏറ്റവും ഒടുവിൽ **22/12/2013** ലാണ് ഇലക്ഷൻ നടന്നിട്ടുള്ളത്. ഭരണസമിതിയുടെ കാലാവധി **21/12/2018** ന് കഴിഞ്ഞിട്ടുള്ളതാണ്. ബാങ്കിലെ മൊത്തം **6718** അംഗങ്ങളിൽ **748** പേരുടെ വിവരങ്ങൾ **6(ബി)** രജിസ്റ്ററിൽ ഇല്ലാത്തതും **334** അംഗങ്ങൾക്ക് **6(ബി)**രജിസ്റ്ററിൽ ഫോട്ടോപതിച്ചിട്ടില്ലാത്തതുമാണ്. ആയതിനാൽ മൂവാറ്റുപുഴ അസിസ്റ്റൻറ് രജിസ്ട്രാർ(ജനറൽ) ആഫീസിൽ നിന്നും ഇലക്ഷന് ശുപാർശ ചെയ്യിരുന്നില്ല.<br><br>തെരഞ്ഞെടുപ്പ് സംബന്ധിച്ച വിവരങ്ങൾ സഹകരണ ഇലക്ഷൻ കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റിൽ മൂവാറ്റുപുഴ അസിസ്റ്റൻറ് രജിസ്ട്രാർ(ജനറൽ) ആഫീസിൽ നിന്നും അപ് ലോഡ് ചെയ്യിട്ടുള്ളതാണ് അയതിന്മേൽ സഹകരണ ഇലക്ഷൻ കമ്മീഷൻ ഇലക്ഷൻ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടില്ല. ആയതിനാലാണ് തെരഞ്ഞെടുപ്പ് നടത്തുവാൻ സാധിക്കാത്തത്. |

| | | | |
|---|---|---|---|
| | | | നിലവിലുള്ള ഭരണസമിതിയുടെ കാലാവധി 21/12/2018 ൽ അവസാനിച്ചതിനാൽ ഭരണസ്തംഭനം ഒഴിവാക്കുന്നതിന് എറണാകുളം ജോയിൻറ് രജിസ്ട്രാർ (ജനറൽ)ടെ 20/12/2018 ലെ സി.ആർ.പി(2) 8299/2018 നമ്പർ ഉത്തരവ് പ്രകാരം പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററെ കേരള സഹകരണ നിയമം വകുപ്പ് 33(1) പ്രകാരം നിയമിച്ച് ഉത്തരവായിട്ടുള്ളതും അഡ്മിനിസ്ട്രേറ്റർ 22/12/2018 ൽ ചുമതല ഏറ്റെടുത്തിട്ടുള്ളതുമാണ്. |

**സെക്ഷൻ ഓഫീസർ**